DESPATCHED On..20/2/2020

22/01/2020


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in


ഹർജി നമ്പർ **CP 1395(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.17764/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി. ഷീജാബീവി വി.,<br>M/o മുഹമ്മദ് ഹഫീസ് റ്റി.എച്ച്.,<br>തയ്യിൽ ഹാഫിസ് മൻസിൽ,<br>ചങ്ങനാശ്ശേരി, കോട്ടയം. | പരാതി ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പ്രിൻസിപ്പാൾ,<br>ദേവകി അമ്മ മെമ്മോറിയൽ കോളേജ് ഓഫ്<br>ഫാർമസി, ചേലേമ്പ്ര, പുള്ളിപറമ്പ പി.ഒ.,<br>മലപ്പുറം - 673 634.. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 17.9.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.10.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.11.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 20.11.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.11.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 14.12.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരി ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. ഷീജാബീവി വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് തെറ്റായതും വിശ്വസനീയമല്ലാത്തതുമായ വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ടിയാളുടെ അപേക്ഷയിലെ രണ്ടാം ഇനം സംബന്ധിച്ച് ശരിയായ വിവരങ്ങൾ നൽകിയില്ലെന്നും 4, 5 എന്നീ ഇനങ്ങൾക്ക് നൽകിയിട്ടുള്ള

മറുപടി ശരിയല്ലെന്നും ടിയാളുടെ അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നു അറിയിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) 2.8.2015–22.8.2015 തീയതി വരെയുള്ള മൂന്നാം വർഷ ഫാം-ഡി വാർഷിക പരീക്ഷയും പ്രാക്ടിക്കലും മുഹമ്മദ് ഹഫീസ് റ്റി.എച്ച്. എന്തുകൊണ്ട് എഴുതിയില്ലെന്നും

(ii) യൂണിവേഴ്സിറ്റി പരീക്ഷയിൽ നിന്നും മേൽപ്പടി കുട്ടിയെ ഒഴിവാക്കിയ വിവരം രക്ഷകർത്താവിനെ അറിയിക്കാൻ ശ്രമിക്കാത്തത് എന്തുകൊണ്ടാണെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ പലതും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഹർജിക്കാരിയുടെ മകനും മൂന്നാം വർഷ ഫാം-ഡി വിദ്യാർത്ഥിയുമായിരുന്ന ശ്രീ. മുഹമ്മദ് ഹാഫീസ് റ്റി.എച്ച്-ന്റെ ഹാജർ സംബന്ധിച്ച് യൂണിവേഴ്സിറ്റി ആക്ട് ആന്റ് റെഗുലേഷൻ അനുസരിച്ചുള്ള നടപടികൾ മാത്രമേ എടുത്തിട്ടുള്ളു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരിയുടെ അപേക്ഷയിലെ 2, 4, 7–ാം ഇനത്തിലെ രണ്ടാം ഭാഗം എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ലഭ്യമാക്കാൻ കഴിയുന്ന പൂർണ്ണ വിവരങ്ങൾ എതിർകക്ഷി ഹർജിക്കാരിയ്ക്ക് നർകിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഹർജിക്കാരിയുടെ ആക്ഷേപങ്ങൾ വിവരാവകാശ നിയമപ്രകാരം നിലനിൽക്കുന്നതല്ലെന്നു കാണുന്നു. എന്നാൽ ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നിർബന്ധമായും ഹർജിക്കാരിക്ക് നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു. അപ്രകാരംതന്നെ ഹർജിക്കാരിയുടെ മലയാളത്തിലുള്ള അപേക്ഷയ്ക്ക് ഇംഗ്ലീഷിലാണ് മറുപടി നൽകിയിരിക്കുന്നതെന്ന് കാണുന്നു. ഹർജിക്കാരി മലയാളത്തിൽ അപേക്ഷ

നൽകിയിരുന്ന സാഹചര്യത്തിൽ മലയാളത്തിൽ തന്നെ മറുപടി നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ എന്ന നിലയിൽ മറുപടി നൽകിയിട്ടുള്ളത് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ ആണ്. മറ്റ് കോളേജുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നടപടിക്രമം അനുസരിച്ച് അതത് കോളേജിലെ ഒരു സീനിയർ അദ്ധ്യാപകൻ എസ്.പി.ഐ.ഒയും പ്രിൻസിപ്പാൾ ഒന്നാം അപ്പീൽ അധികാരിയുമാണ്. അത്തരത്തിലുള്ള ഉത്തരവ് എതിർകക്ഷി സ്ഥാപനത്തിലും ഇറക്കുന്നത് അഭികാമ്യമായിരിക്കുമെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk